# യോഹന്നാന്റെ ജീവപഠനം

## ദൂത് മുപ്പത്തിയേഴ്

## ദിവ്യത്വത്തെ മനുഷ്യത്വത്തോട് ഇഴുകിച്ചേർക്കുവാനുള്ള ആത്മാവിന്റെ വേല (2)

Mon **B. പിതാവിന്റെ നിറവോടുകൂടെ പുത്രനെ വെളിപ്പെടുത്തിക്കൊണ്ട് അവനെ മഹത്വപ്പെടുത്തുവാൻ**

സുവിശേഷം പ്രസംഗിച്ചുകൊണ്ട് ലോകത്തിന് പാപബോധം വരുത്തുകയും, ജനത്തെ ആദാമിൽനിന്ന് ക്രിസ്തുവിലേക്ക് മാറ്റുകയും ചെയ്യുകയാണ് ആത്മാവിന്റെ വേലയുടെ ആദ്യത്തെ ഭാഗം. പാപികളെ നേടുകയും ജീവിപ്പിക്കുകയും വീണ്ടുംജനിപ്പിക്കുകയും ചെയ്യുന്നതിലുള്ള ആത്മാവിന്റെ വേലയാണ് ജനത്തിന് പാപബോധം വരുത്തുക എന്നത്. എന്നാൽ ആത്മാവിന്റെ വേലയിൽ ഇതിലും വളരെ കൂടുതൽ കാര്യങ്ങൾ ഉണ്ട്. പിതാവിന്റെ നിറവോടുകൂടെ വിശ്വാസികൾക്ക് അവനെ വെളിപ്പെടുത്തിക്കൊണ്ട് പുത്രനെ മഹത്വപ്പെടുത്തുന്നതാണ് ആത്മാവിന്റെ വേലയുടെ രണ്ടാമത്തെ ഭാഗം(16:12-15). ആദ്യഭാഗം ജനത്തെ കൊണ്ടുവരുന്നതും, രണ്ടാമത്തെ ഭാഗം, പിതാവിന്റെ നിറവോടുകൂടെ പുത്രനെ വിശ്വാസികൾക്ക് വെളിപ്പെടുത്തിക്കൊണ്ട് അവർക്ക് ആത്മീയവർദ്ധനവ് വരുത്തുകയും അവരെ കെട്ടുപണി ചെയ്യുന്നതുമാണ്, എന്ന് നമുക്ക് പറയാം. ഇതാണ് പരിശുദ്ധാത്മാവിന്റെ നിർമ്മാണവേല. ആത്മാവിന്റെ വേലയുടെ ആദ്യഭാഗം അനുതപിക്കുവാനും വിശ്വസിക്കുവാനും വീണ്ടുംജനിക്കുവാനും പാപികൾക്ക് പാപബോധം വരുത്തുക എന്നതാണ്. ക്രിസ്തുവിനെ വെളിപ്പെടുത്തുവാനും ക്രിസ്തുവിനെ മഹത്വപ്പെടുത്തുവാനും വിശ്വാസികളിൽ ക്രിസ്തുവിനെ യാഥാർത്ഥ്യമാക്കുവാനും ആയി വീണ്ടുംജനിച്ച വിശ്വാസികളിൽ പരിശുദ്ധാത്മാവ് വസിക്കുന്നു എന്നതാണ് രണ്ടാമത്തെ ഭാഗം.

### 1. യാഥാർത്ഥ്യത്തിന്റെ ആത്മാവ് പുത്രന്റെ പൂർണ്ണമായ യാഥാർത്ഥവത്ക്കരണം

യാഥാർത്ഥ്യത്തിന്റെ ആത്മാവ് പുത്രനെ സംബന്ധിച്ച പൂർണ്ണമായ യാഥാർത്ഥവത്കരണമാണ്. ആത്മാവ് നമ്മെ രക്ഷയിലേക്ക് കൊണ്ടുവന്നശേഷം, അവൻ നമ്മിൽ പുത്രന്റെ യാഥാർത്ഥ്യംതന്നെ ആയിത്തീരും. പുത്രൻ ആയിരിക്കുന്നതും പുത്രനുള്ളതും പുത്രൻ നിർവഹിച്ചതും പ്രാപിച്ചതും നേടിയതും എല്ലാം ആത്മാവിനാൽ നമ്മിലേക്ക് പണിതുചേർക്കപ്പെടും. ആത്മാവ് ക്രമേണ പുത്രന്റെ യഥാർത്ഥവത്ക്കരണം ആയിത്തീരുന്നു. പുത്രൻ ആയിരിക്കുന്നതും പുത്രനുള്ളതുമായ സകലത്തിന്റെയും യാഥാർത്ഥ്യമാണ് അവൻ.

### 2. പുത്രനെ സംബന്ധിച്ച സകല യാഥാർത്ഥ്യത്തിലേക്കും വിശ്വാസികളെ വഴിനടത്തുന്നു

"എന്നാൽ അവൻ, യാഥാർത്ഥ്യത്തിന്റെ ആത്മാവ്, വരുമ്പോൾ, അവൻ നിങ്ങളെ സകല യാഥാർത്ഥ്യത്തിലേക്കും വഴിനടത്തും," എന്ന് 13-ാം വാക്യം പറയുന്നു. യാഥാർത്ഥ്യത്തിന്റെ ആത്മാവ് വിശ്വാസികളെ ക്രിസ്തുവിനെ സംബന്ധിച്ച ഉപദേശത്തിലേക്കല്ല, പിന്നെയോ ക്രിസ്തുവിന്റെ സകല യാഥാർത്ഥ്യത്തിലേക്കും വഴിനടത്തുന്നു. ഈ യാഥാർത്ഥ്യം ക്രിസ്തുതന്നെയാണ്. അങ്ങനെ, യാഥാർത്ഥ്യത്തിന്റെ ആത്മാവ്, നമ്മെ ക്രിസ്തുവിന്റെ സകല യാഥാർത്ഥ്യത്തിലേക്കും കൊണ്ടുവരും.

#### a. പിതാവ് ആയിരിക്കുന്നതും പിതാവിന് ഉള്ളതും എല്ലാം പുത്രന്റേതാണ്

"പിതാവിനുള്ളത് എല്ലാം എന്റേതാണ്"എന്ന് 15-ാം വാക്യത്തിൽ കർത്താവ് പറഞ്ഞു. പിതാവ് ആയിരിക്കുന്നതും പിതാവിനുള്ളതും എല്ലാം പുത്രന്റേതാണ്. പിതാവിന്റെ ദേഹരൂപമാണ് പുത്രൻ. പിതാവ് ആയിരിക്കുന്നതും പിതാവിന് ഉള്ളതും എല്ലാം അവനിൽ ദേഹരൂപമായിരിക്കുന്നു(കൊലോ.2:9). പിതാവ് ആയിരിക്കുന്ന സകലവും, ദൈവത്വത്തിന്റെ സകല സമ്പൂർണ്ണതയും ക്രിസ്തുവിൽ വസിക്കുന്നു. അതുകൊണ്ട്, പിതാവിന്റെ പരിപൂർണ്ണതയും പിതാവിന്റെ ജീവനും പ്രകൃതവും പുത്രന്റെ ജീവനും പ്രകൃതവുമാണ്.

#### b. പുത്രൻ ആയിരിക്കുന്നതും പുത്രന് ഉള്ളതും എല്ലാം ആത്മാവിന് ലഭിച്ചിരിക്കുന്നു

14-ാം വാക്യത്തിൽ യാഥാർത്ഥ്യത്തിന്റെ ആത്മാവിനെ സംബന്ധിച്ച് സംസാരിക്കവേ കർത്താവ് ഇങ്ങനെ പറഞ്ഞു: "അവൻ എനിക്കുള്ളതിൽനിന്ന് എടുത്തു നിങ്ങൾക്ക് അറിയിച്ചുതരുന്നതുകൊണ്ട് എന്നെ മഹത്വപ്പെടുത്തും."പിതാവ് ആയിരിക്കുന്നതും പിതാവിനുള്ളതും ആയ സകലവും പുത്രന്റേതാണ്; പുത്രൻ ആയിരിക്കുന്നതും പുത്രനുള്ളതു

ആയ സകലവും ആത്മാവിന് ലഭിച്ചിരിക്കുന്നു. ദൈവത്വത്തിന്റെ സകല സമ്പൂർണ്ണതയും ക്രിസ്തുവിൽ വസിക്കുന്നു. ആത്മാവ് അത് ക്രിസ്തുവിൽനിന്ന് സ്വീകരിക്കുന്നു.

### *C. ആത്മാവ് പിതാവിനോടുകൂടെ വിശ്വാസികൾക്ക് പുത്രനെ അറിയിച്ചുകൊടുക്കുന്നു*

യാഥാർത്ഥ്യത്തിന്റെ ആത്മാവ്,"എനിക്കുള്ളതിൽനിന്ന് എടുത്തു നിങ്ങൾക്ക് അറിയിച്ചുതരും"എന്ന് 14-ഉം 15-ഉം വാക്യങ്ങളിൽ കർത്താവ് പറഞ്ഞു. പുത്രൻ ആയിരിക്കുന്നതും പുത്രനുള്ളതുമായ സകലവും വിശ്വാസികൾക്ക് ആത്മാവിലൂടെ വെളിപ്പെട്ടിരിക്കുന്നു. ഇത് പിതാവിനോടുകൂടെ പുത്രനെ മഹത്വപ്പെടുത്തുന്നതിനാണ്. പുത്രനെ ആത്മാവ് പിതാവിനോടുകൂടെ വിശ്വാസികൾക്കു അറിയിച്ചുകൊടുക്കുന്നു. അവൻ ക്രിസ്തു ആയിരിക്കുന്നതും ക്രിസ്തുവിനുള്ളതും ആയ സകലവും നമുക്ക് യാഥാർത്ഥ്യമാക്കിത്തീർക്കുന്നു.

ക്രിസ്തുവിൽ ദൈവത്തെ ആത്മാവ് നമുക്ക് എങ്ങനെ യാഥാർത്ഥ്യമാക്കുന്നു എന്നതിനെ സംബന്ധിച്ച ചില ഉദാഹരണങ്ങൾ നമുക്കിപ്പോൾ ചിന്തിക്കാം. ദൈവം വെളിച്ചം ആണെന്ന് വേദപുസ്തകം പറയുന്നു(1 യോഹ.1:5). ക്രിസ്തു വെളിച്ചമാണെന്നും വേദപുസ്തകം പറയുന്നു(യോഹ.8:12). ഇതിനർത്ഥം വെളിച്ചം തന്നെയായ ദൈവം ആണ് ക്രിസ്തു എന്നാണ്. എന്നാൽ ഈ വെളിച്ചം എങ്ങനെ യഥാർത്ഥമാക്കാം? ഇത് എങ്ങനെ നമുക്ക് യഥാർത്ഥമാക്കാം? അത് ആത്മാവിലൂടെ യഥാർത്ഥമായിത്തീരുന്നു. ആത്മാവ് നമ്മുടെ ഉള്ളിൽ ചലിക്കുമ്പോൾ, വെളിച്ചം പ്രകാശിക്കുന്നു. വെളിച്ചം പിതാവും പുത്രനും ആണ്. പിതാവ് വെളിച്ചത്തിന്റെ സ്രോതസ്സും സാരാംശവും, പുത്രൻ ഈ വെളിച്ചത്തിന്റെ ദേഹരൂപവും ആവിഷ്കാരവും ആണ്. ആത്മാവിനാൽ നാം ഈ വെളിച്ചത്തെ വാസ്തവമായി അനുഭവിച്ചറിയുന്നു. ആത്മാവ് നമ്മുടെ ഉള്ളിൽ ചലിക്കുമ്പോൾ, അവൻ വെളിച്ചത്തിന്റെ യാഥാർത്ഥ്യമാണ്.

ജീവന്റെ കാര്യത്തെ സംബന്ധിച്ചും ഇത് സത്യമാണ്. ദൈവം ജീവനാണ്. പുത്രനും ജീവനാണ്. പിതാവായ ദൈവം ജീവന്റെ സ്രോതസ്സും സാരാംശവും ആണ്. പുത്രൻ, ഈ ജീവന്റെ ദേഹരൂപവും ആവിഷ്കാരവും ആണ്. ഈ ജീവൻ എങ്ങനെ നമ്മുടേതാകും? ആത്മാവിനാൽ. ആത്മാവ് ജീവന്റെ ആത്മാവ് ആണെന്ന് റോമർ 8:2 പറയുന്നു. ആത്മാവ് നമ്മുടെ ഉള്ളിൽ ചലിക്കുമ്പോൾ, അവൻ തിളങ്ങുകയും പ്രകാശിപ്പിക്കുകയും ചെയ്യുന്ന വെളിച്ചം മാത്രമല്ല, നമ്മെ ജീവിപ്പിക്കുകയും പോഷിപ്പിക്കുകയും ബലപ്പെടുത്തുകയും ചെയ്യുന്ന ജീവൻ തന്നെയും ആണ്.

പിതാവും പുത്രനും ആയിരിക്കുന്ന സകലത്തിന്റെയും യാഥാർത്ഥ്യമാണ് ആത്മാവ്. ആത്മാവിനെ കൂടാതെ, പിതാവും പുത്രനും ആയി

രിക്കുന്നതിന്റെ സാരാംശം ഉണ്ട്; എന്നാൽ യഥാർത്ഥവത്ക്കരണമില്ല. വൈദ്യുതി ഉദാഹരണമായി എടുക്കുക. നമുക്ക് വൈദ്യുതി ഉണ്ടായിരിക്കാമെങ്കിലും ഒരു പ്രത്യേക ഉദ്ദേശ്യത്തിനുവേണ്ടി അത് പ്രയോഗിക്കേണ്ടതുണ്ട്. വൈദ്യുതിയുടെ ആ പ്രയോഗമാണ് വൈദ്യുതിയുടെ യഥാർത്ഥവത്കരണം. അതുപോലെ, പിതാവും പുത്രനും ആയിരിക്കുന്ന സകലത്തിന്റെയും പ്രയോഗമാണ് ആത്മാവ്. യഥാർത്ഥവത്ക്കരണവും പ്രയോഗവുമായി ആത്മാവില്ലാതെ, എല്ലാം യാഥാർത്ഥ്യമായിരിക്കാം; എന്നാലും അത് ലഭ്യമോ പ്രായോഗികമോ അല്ല. ദൈവവും ക്രിസ്തുവും ആയിരിക്കുന്നതെല്ലാം പ്രയോഗിക്കണമെങ്കിൽ, നമുക്ക് ആത്മാവിനെ ആവശ്യമാണ്. അവൻ ഇന്ന് പിതാവും പുത്രനും മാത്രമല്ല, ആത്മാവും ആയതിനാൽ, നാം കർത്താവിനെ സ്തുതിക്കണം. അവൻ സ്രോതസ്സും ഗതിയും മാത്രമല്ല, പ്രയോഗവും ആണ്. ആത്മാവ് നമ്മുടെ അടുത്ത് എത്തി, നമ്മുടെ ഉള്ളിലേക്ക് പ്രവേശിച്ച്, പിതാവിൽനിന്നും പുത്രനിൽനിന്നും നമുക്കാവശ്യമായിരിക്കുന്ന സകലവും പ്രാവർത്തികമാക്കുന്നു. ഇത് അത്ഭുതകരമാണ്.

സഭാജീവിതം പൂർണ്ണമായും ആത്മാവിനെ ആശ്രയിച്ചിരിക്കുന്നു. പിതാവിനെയും പുത്രനെയും സംബന്ധിച്ച വെറും ഉപദേശങ്ങൾ അപര്യാപ്തമാണ്. ആത്മാവിലൂടെ പുത്രനിൽ ജീവനുള്ള മാർഗ്ഗത്തിൽ പിതാവിനെ നമുക്ക് ബാധകമാക്കാം. ആത്മാവ് പുത്രനെ പിതാവിന്റെ സർവ്വസമ്പൂർണ്ണതയോടുംകൂടെ വെളിപ്പെടുത്തിക്കൊണ്ട് മഹത്വപ്പെടുത്തുന്നു. നമുക്ക് എളിമ ഉദാഹരണമായി എടുക്കാം. ആരും ജന്മനാ എളിമയുള്ളവരല്ല. കുട്ടികൾ എളിമയുള്ളവർ ആണെന്ന് ജനങ്ങൾ തെറ്റായി പറയുന്നുവെങ്കിലും ഓരോ കുട്ടിയും അഭിമാനിയാണ്. ജന്മനാ, പ്രകൃത്യാ നാം അഭിമാനികളാണ്. കൂടാതെ, നമ്മുടെ ജീവിതത്തിലും നാം അഭിമാനികളാണ്. എന്താണ് എളിമ? എളിമ ക്രിസ്തുവാണ്. ഓരോ മാനുഷിക നന്മയുടെയും ഓരോ ദിവ്യസദ്ഗുണത്തിന്റെയും യാഥാർത്ഥ്യം ക്രിസ്തുവാണ്. എല്ലാ മാനുഷിക നന്മകളും, എല്ലാ ദിവ്യസദ്ഗുണങ്ങളും കേവലം ക്രിസ്തു തന്നെയാണ്. നല്ലതും അനുലോമവുമായ അർത്ഥത്തിൽ, ക്രിസ്തു സകലവുമാണ്. അവൻ എളിമയും സ്നേഹവും ക്ഷമയും വിധേയത്വവും ആണ്. അവനുപുറമേ നാമുൾപ്പെടെ യാതൊന്നും നല്ലതല്ല. ഓരോ നന്മയും ഓരോ സദ്ഗുണവും ക്രിസ്തുവാണ്. എങ്ങനെയാണ് ആത്മാവ് ക്രിസ്തുവിനെ മഹത്വപ്പെടുത്തുന്നത്? ഓരോരോ കാര്യമായി അവൻ ക്രിസ്തുവിനെ മഹത്വപ്പെടുത്തുന്നു. ഉദാഹരണത്തിന്, ക്രിസ്തു ആയിരിക്കുന്ന സകലത്തിലും, എളിമ എന്നു വിളിക്കപ്പെടുന്ന ഒരു കാര്യമുണ്ട്. ഒരു ദിവസം ആത്മാവ് ക്രിസ്തുവിനെ നിങ്ങളുടെ എളിമയായി നിങ്ങൾക്ക് വെളിപ്പെടുത്തുന്നു. അത് എളിമയെ സംബന്ധിച്ച ഒരു ഉപദേശമല്ല; അത് എളിമയായി നിങ്ങൾക്ക് വെളിപ്പെട്ട ക്രിസ്തു എന്ന ജീവിക്കുന്ന വ്യക്തിയാണ്. സ്വാഭാവികമായി, ഒരു ജീവിക്കുന്ന എളിമ നിങ്ങളിൽനിന്ന് പുറത്തുവരും. അതാണ് ക്രിസ്തുവിനെ മഹത്വപ്പെടുത്തുക

എന്നത്. ആത്മാവ്, ദൈവപുത്രനായ ക്രിസ്തുവിനെ ഇപ്രകാരം മഹത്വപ്പെടുത്തുന്നു. എളിമയായി ക്രിസ്തുവിനെ സംബന്ധിച്ച് നിങ്ങളെ ഉപദേശിച്ചുകൊണ്ടല്ല അവനത് ചെയ്യുന്നത്, പിന്നെയോ, നേരിട്ട് ക്രിസ്തുവിനെ നിങ്ങൾക്ക് വെളിപ്പെടുത്തിക്കൊണ്ടാണ്. പിന്നെ, ഈ എളിമ നിങ്ങളുടെ ആളത്തത്തിൽനിന്നുതന്നെ പുറത്തുവരുകയും ഈ എളിമയുടെ പുറത്തുവരവ് പുത്രന്റെ മഹത്വപ്പെടൽ ആയിരിക്കുകയും ചെയ്യുന്നു.

തുടർന്ന്, ക്രിസ്തുവിന്റെ ഓരോ സവിശേഷതയും സഭാജീവിതത്തിൽ ആവിഷ്കരിക്കപ്പെടും. അവിടെ യെഹൂദന്റെയോ യവനന്റെയോ അമേരിക്കക്കാരന്റെയോ ബ്രിട്ടീഷുകാരന്റെയോ ജപ്പാൻകാരന്റെയോ ചൈനാക്കാരന്റെയോ ഫിലിപ്പീൻസുകാരന്റെയോ മറ്റേതെങ്കിലും തരത്തിലുള്ളതോ ആയ ആവിഷ്കാരം ഉണ്ടാവുകയില്ല. അവിടെ ഉള്ളത് ക്രിസ്തുവിന്റെ ആവിഷ്കാരം മാത്രം ആയിരിക്കും. പിതാവിന്റെ സമ്പൂർണ്ണതയിൽ വിശ്വാസികൾക്ക് അവനെ വെളിപ്പെടുത്തിക്കൊണ്ട് ആത്മാവ് പുത്രനെ മഹത്വപ്പെടുത്തുന്നു എന്നു പറയുമ്പോൾ ഇതാണ് അതിന്റെ അർത്ഥം. നമുക്ക് എല്ലാവർക്കും ഇത് ധാരാളമായി ആവശ്യമാണ്. ഇത് സഭാജീവിതത്തെ സമ്പന്നമാക്കുകയും ബലപ്പെടുത്തുകയും ഉയർത്തുകയും ചെയ്യും. സഭാജീവിതത്തിന് ഈ വാസ്തവികതകൾ എല്ലാം ഉണ്ടെങ്കിൽ, അത് തീർച്ചയായും വളരും.

### *d. ദിവ്യത്വം മനുഷ്യത്വവുമായി ഇഴുകിച്ചേരുന്നു*

സഭാജീവിതം മനുഷ്യത്വവുമായുള്ള ദിവ്യത്വത്തിന്റെ ഒരു ഇഴുകിച്ചേരലാണ്. ആത്മാവ് പിതാവിനോടുകൂടെ പുത്രനെ മഹത്വപ്പെടുത്തുന്നതുപോലെ, ത്രിയേകദൈവം വിശ്വാസികളിലേക്ക് പണിതുചേർക്കപ്പെടുകയും അവരോട് ഇഴുകിച്ചേരുകയും ചെയ്യുന്നു. മനുഷ്യത്വവുമായുള്ള ദിവ്യത്വത്തിന്റെ ഇഴുകിച്ചേരൽ എന്ന ഈ വസ്തുത ഇന്ന് ക്രിസ്ത്യാനികൾ വളരെയധികം അവഗണിച്ചിരിക്കുന്നു. ഏറ്റവും കേന്ദ്രീയമായ ഒരു കാര്യം, മിക്ക ക്രിസ്ത്യാനികളും അവഗണിച്ചിരിക്കുന്നു. ക്രിസ്ത്യാനികൾ പ്രധാനമായി ശ്രദ്ധിക്കുന്നത് ഉപദേശമാണ്. എന്നാൽ യോഹന്നാൻ 16-ൽ, 1:14-ലും 17-ലും എന്നപോലെ, സത്യം എന്ന വാക്കിന് യവനഭാഷയിൽ ഉപദേശം എന്നല്ല യാഥാർത്ഥ്യം എന്നാണ് അർത്ഥം. യോഹന്നാനിലെ സത്യം എന്ന വാക്ക്, ഉപദേശം എന്ന അർത്ഥത്തിൽ എടുക്കുന്നത് വലിയ തകരാറിന് ഇടയാക്കും. യവനഭാഷയിൽ അത് കേവലം യാഥാർത്ഥ്യം അഥവാ പരമാർത്ഥം എന്നാണ് അർത്ഥമാക്കുന്നത്. യാഥാർത്ഥ്യത്തിന്റെ ആത്മാവ് വരുമ്പോൾ, അവൻ നമ്മെ ക്രിസ്തുവിന്റെ സമ്പൂർണ്ണ യാഥാർത്ഥ്യത്തിലേക്ക് വഴിനടത്തുകയും ത്രിയേകദൈവവുമായി നമ്മെ ഇഴുകിച്ചേർക്കുകയും ചെയ്യും. പിതാവിന്റെ സമ്പൂർണ്ണതയോടുകൂടെ പുത്രൻ നമുക്ക് വെളിപ്പെടുന്തോറും, നമുക്ക് പുത്രനെ സംബന്ധിച്ച അനുഭവം

വർദ്ധിക്കും. അപ്പോൾ സഭാജീവിതത്തിൽ മനുഷ്യത്വവുമായുള്ള ദിവ്യത്വത്തിന്റെ ഇഴുകിച്ചേരൽ കൂടുതലായി ഉണ്ടാകും. മനുഷ്യത്വവുമായുള്ള ദിവ്യത്വത്തിന്റെ നിത്യേനയുള്ള ഇഴുകിച്ചേരലാണ് സഭാജീവിതം.

## C. വരുവാനുള്ളത് അറിയിക്കുന്നതിന്

യോഹന്നാൻ 16-ൽ ആത്മാവിന്റെ വേല മൂന്നു ഘട്ടമായാണ് എന്നു നാം കണ്ടു: ലോകത്തിനു പാപബോധം വരുത്തുക എന്നതും, പിതാവിന്റെ സമ്പൂർണ്ണതയോടുകൂടെ വിശ്വാസികൾക്ക് പുത്രനെ വെളിപ്പെടുത്തിക്കൊണ്ട് അവനെ മഹത്വപ്പെടുത്തുക എന്നതും, വരുവാനുള്ളതിനെ അറിയിക്കുക എന്നതും. യോഹന്നാന്റെ എഴുത്തുകളും മൂന്നു തരത്തിലുള്ളതാണ്-സുവിശേഷം, ലേഖനങ്ങൾ, വെളിപ്പാട് എന്നിവ. മൂന്നു വകുപ്പിൽപ്പെട്ട യോഹന്നാന്റെ എഴുത്തുകൾ, ആത്മാവിന്റെ മൂന്നു വിധത്തിലുള്ള വേലയോട് ഒത്തിരിക്കുന്നു. അവന്റെ സുവിശേഷം പ്രധാനമായും ലോകത്തിന് പാപബോധം വരുത്തുന്നു; അവന്റെ ലേഖനങ്ങൾ പ്രധാനമായും പിതാവിന്റെ സമ്പൂർണ്ണതയോടുകൂടെ പുത്രനെ വെളിപ്പെടുത്തുന്നു; വെളിപ്പാട് ഭാവിയിൽ സംഭവിക്കുവാനുള്ള സംഗതികൾ മറനീക്കികാണിക്കുന്ന പുസ്തകമാണ്. 13-ാം വാക്യത്തിൽ ആത്മാവിനെ സംബന്ധിച്ച്, “അവൻ വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചുതരും”എന്ന് കർത്താവ് പറഞ്ഞു. വരുവാനുള്ള സംഗതികൾ ആത്മാവ് അറിയിച്ചുതരും, അവ പ്രധാനമായും വെളിപ്പാടിൽ വെളിപ്പെടുത്തിയിരിക്കുന്നു(വെളി.1:1,19). വെളിപ്പാട് പുസ്തകത്തിൽ, നാലു പ്രധാനകാര്യങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നു: സഭയുടെ പുരോഗതി(അദ്ധ്യാ.1-3); ലോകത്തിന്റെ ഭാവി(അദ്ധ്യാ.4-16); സാത്താന്റെ ആത്യന്തിക പരിണതി-മഹതിയാം ബാബിലോൺ(അദ്ധ്യാ.17-18); ദൈവത്തിന്റെ ആത്യന്തിക പരിണതി-പുതിയ യെരുശലേം(അദ്ധ്യാ.19-22). ഈ സംഗതികൾ എല്ലാം വെളിപ്പാട് പുസ്തകം നമ്മെ അറിയിക്കുന്നു.

## III. ഒരു നവജാതശിശുവായി പുത്രൻ പുനരുത്ഥാനത്തിൽ ജനിക്കും

മനസ്സിലാക്കുവാൻ താരതമ്യേന ബുദ്ധിമുട്ടുള്ള ഒരു കാര്യം 16 മുതൽ 24 വരെയുള്ള വാക്യങ്ങളിൽ നാം കാണുന്നു: ഒരു നവജാതശിശുവായി പുത്രൻ പുനരുത്ഥാനത്തിൽ ജനിക്കും. താൻ കൊല്ലപ്പെടുമെന്നും, അത് ലോകത്തെ സന്തോഷിപ്പിക്കുമെന്നും എന്നാൽ ശിഷ്യന്മാരെ ദുഃഖിപ്പിക്കുമെന്നും കർത്താവ് തന്റെ ശിഷ്യന്മാരോട് പറഞ്ഞിരുന്നു(വാ.20). പിന്നെ, പ്രസവിക്കാറായ ഒരു സ്ത്രീയ്ക്ക് പ്രസവസമയത്ത് ദുഃഖം ഉണ്ടെങ്കിലും കുഞ്ഞിനെ പ്രസവിച്ചശേഷം ഒരു മനുഷ്യൻ ലോകത്തിലേക്ക് പിറന്നിരിക്കുന്നു എന്നതിലുള്ള സന്തോഷം

നിമിത്തം അവൾ തന്റെ കഷ്ടം പിന്നെ ഓർക്കുന്നില്ലെന്നും കർത്താവ് അവരോട് പറഞ്ഞു(വാ.21). ഒരു മനുഷ്യൻ പിറന്നതുകൊണ്ട്, കുഞ്ഞിനെ പ്രസവിച്ചശേഷം, സ്ത്രീ സന്തോഷിക്കും. ഈ സ്ത്രീ ആരാണ്? ശിഷ്യന്മാരുടെ മുഴുവൻ കൂട്ടമാണ് സ്ത്രീ. കുഞ്ഞ്, ആരാണ്? പുത്രൻ. ക്രിസ്തുവാണ് കുഞ്ഞ്. എന്താണ് ജനനം? അത് പുനരുത്ഥാനമാണ്.

## A. ശിഷ്യന്മാർ പ്രസവവേദന അനുഭവിക്കുന്ന സ്ത്രീ

കർത്താവ് ശിഷ്യന്മാരോട് ഇത് സംസാരിച്ചപ്പോൾ, ഒരു നവജാത ശിശുവായിരിക്കത്തക്കവണ്ണം പ്രസവത്തിൽ പുറത്തുവരുവാനായി അമ്മയുടെ ഉള്ളിൽ കാത്തിരിക്കുന്ന ഗർഭസ്ഥശിശുവിനെപ്പോലെ, അവൻ അവരോട് ഒന്നായിരുന്നു. ഈ അർത്ഥത്തിൽ അവന്റെ ശിഷ്യന്മാർ പ്രസവവേദന അനുഭവിച്ചുകൊണ്ട് പ്രസവിക്കുന്ന സ്ത്രീ ആയിരുന്നു. ആ മൂന്നു ദിവസങ്ങളിൽ, ദൈവപുത്രനായി പുനരുത്ഥാനത്തിൽ ക്രിസ്തു ജനിക്കുവാൻ ശിഷ്യന്മാർ യാതന സഹിക്കുകതന്നെ ചെയ്തു. കർത്താവിന്റെ പുനരുത്ഥാനത്തിനുശേഷം, ഈ "സ്ത്രീ"ക്ക് നവജാതശിശുവിനെ ലഭിക്കുകയും അവൾ സന്തോഷിക്കുകയും ചെയ്തു(20:20).

## B. പുത്രൻ ജനിക്കും

Wed — ലോകത്തിലേക്ക് പിറന്ന മനുഷ്യൻ പുത്രനാണ്(വാ.21). പുത്രൻ ദൈവത്തിന്റെ പുത്രനായി(എബ്രാ.1:5; റോമ.1:4) പുനരുത്ഥാനത്തിൽ ജനിക്കണമായിരുന്നു(പ്രവൃ.13:33). പുനരുത്ഥാനത്താലായിരുന്നു കർത്താവ് ദൈവത്തിന്റെ പുത്രനായി ജനിച്ചത്. കർത്താവ് മനുഷ്യപുത്രനായി ജനിച്ചത് പുൽത്തൊട്ടിയിലായിരുന്നു, എന്നാൽ അവൻ ദൈവപുത്രനായി ജനിച്ചത് പുനരുത്ഥാനത്തിലായിരുന്നു. പ്രവൃത്തികൾ 13:32-33 ഇത് തെളിയിക്കുന്നു: "ദൈവം....യേശുവിനെ ഉയിർത്തെഴുന്നേൽപ്പിച്ചതിനാൽ....നീ എന്റെ പുത്രൻ, ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചു എന്നു രണ്ടാം സങ്കീർത്തനത്തിലും എഴുതിയിരിക്കുന്നതുപോലെ ഈ വാഗ്ദാനം പൂർണ്ണമായി നിവർത്തിച്ചിരിക്കുന്നു."ഏതു ദിവസമായിരുന്നു ക്രിസ്തു ദൈവത്തിന്റെ പുത്രനായി ജനിച്ചത്? പുനരുത്ഥാനത്തിന്റെ ദിവസം. അവന്റെ പുനരുത്ഥാനം ഒരു ജനനമായിരുന്നു.

എന്നാൽ കർത്താവ് തന്റെ പുനരുത്ഥാനത്തിനു മുമ്പ് ദൈവമായിരുന്നില്ലേ? അതേ. പിന്നെ എന്തുകൊണ്ട് അവന് പുനരുത്ഥാനത്തിൽ ദൈവപുത്രനായി പിറക്കേണ്ടിവന്നു? "മരിച്ചിട്ട് ഉയിർത്തെഴുന്നേൽക്കുകയാൽ വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച് ദൈവപുത്രൻ എന്നു ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തിരിക്കുന്നവൻ" എന്നു പറയുമ്പോൾ, റോമർ 1:5 എന്താണ് അർത്ഥമാക്കുന്നത്? പ്രവൃത്തികൾ 13:33-ലും എബ്രായർ 1:5-ലും ഉദ്ധരിച്ചിട്ടുള്ള സങ്കീർത്തനം 2:7, ക്രിസ്തു പുനരുത്ഥാനത്തിൽ ദൈവപുത്രനായി ജനിപ്പിക്കപ്പെടും

എന്ന് പ്രവചിച്ചിട്ടുണ്ട്. നമുക്ക് ഇത് എങ്ങനെ വിശദീകരിക്കുവാൻ കഴിയും? ഒരു മനുഷ്യനായി ജഡാവതാരം ചെയ്ത ദൈവപുത്രനായിരുന്നു ക്രിസ്തു. കൃത്യമായി പറഞ്ഞാൽ, അവന്റെ മനുഷ്യഭാഗം ദൈവപുത്രനായിരുന്നില്ല, എന്നാൽ അവന്റെ മനുഷ്യത്വത്തിൽ ദൈവപുത്രൻ ഉണ്ടായിരുന്നു. തന്റെ മരണപുനരുത്ഥാനങ്ങൾക്ക് മുമ്പ് അവൻ മനുഷ്യത്വത്തിൽ ദൈവപുത്രനായിരുന്നു, എന്നാൽ അവന്റെ മനുഷ്യഭാഗം ദൈവപുത്രനായിരുന്നില്ല. അതുകൊണ്ട്, തന്റെ മനുഷ്യഭാഗം പുത്രത്വത്തിലേക്ക് കൊണ്ടുവരുവാൻ അവന് മരണപുനരുത്ഥാനങ്ങളിലൂടെ കടന്നുപോകേണ്ടിയിരുന്നു. ദൈവപുത്രനായിരുന്ന അവന്റെ ദിവ്യഭാഗത്തിന് ദൈവപുത്രനായി ജനിക്കേണ്ട ആവശ്യമില്ലായിരുന്നു, എന്നാൽ, അവന്റെ മനുഷ്യഭാഗം ജനിക്കുകയും ദൈവപുത്രനായി നിർണയിക്കപ്പെടുകയും ചെയ്യണമായിരുന്നു. കർത്താവിന്റെ മരണപുനരുത്ഥാനങ്ങൾക്ക് മുമ്പ് അവൻ ദൈവപുത്രനായിരുന്നു; എന്നിരുന്നാലും അവനെ കാണുമ്പോഴെല്ലാം,"ആരാണ് ഈ മനുഷ്യൻ? ഇവൻ ദൈവപുത്രനാണോ?"എന്ന് ആളുകൾക്ക് ചോദിക്കുവാൻ കഴിഞ്ഞു. അവൻ ദൈവപുത്രൻ ആയിരുന്നിട്ടും ജനങ്ങൾക്ക് പിന്നെയും അവനെ സംബന്ധിച്ച് ചോദ്യങ്ങൾ ഉണ്ടായിരുന്നത് എന്തുകൊണ്ട്? അവന്റെ മനുഷ്യഭാഗം കാരണമായിരുന്നു. അവന്റെ മനുഷ്യഭാഗം ദൈവപുത്രനായി കാണപ്പെട്ടിരുന്നില്ല. എന്നാൽ തന്റെ മരണപുനരുത്ഥാനങ്ങളിലൂടെ അവന്റെ മനുഷ്യഭാഗം പുത്രത്വത്തിലേക്ക് പ്രക്രിയാവിധേയമായി. ഇപ്പോൾ, തന്റെ പുനരുത്ഥാനത്തിനു ശേഷം, അവൻ ദൈവപുത്രനായിരിക്കുന്നതിനെ സംബന്ധിച്ച് ആർക്കും ചോദ്യങ്ങളൊന്നും ഉണ്ടായിരിക്കുകയില്ല."ഇതാണ് ദൈവപുത്രൻ!"എന്ന് എല്ലാവരും പറയും. തന്റെ പുനരുത്ഥാനത്തിൽ ജനിക്കുകയും ദൈവപുത്രൻ എന്ന് നിർണയിക്കപ്പെടുകയും ചെയ്യേണ്ട ആവശ്യം അവനുണ്ടായിരുന്നത് ഇതുകൊണ്ടാണ്. ഈ അർത്ഥത്തിൽ, അവൻ പുനരുത്ഥാനത്തിൽ ജനിച്ച ഒരു ശിശുവായിരുന്നു. കർത്താവിന്റെ പുനരുത്ഥാനത്തിനു മുമ്പ് അത്തരം ഒരു വ്യക്തിയെ മുഴു പ്രപഞ്ചവും ഒരിക്കലും കണ്ടിട്ടുണ്ടായിരുന്നില്ല. എന്നാൽ തന്റെ പുനരുത്ഥാനത്തിനുശേഷം അവൻ, ദിവ്യജീവനും മനുഷ്യപ്രകൃതവും ഉള്ള മഹത്വീകരിക്കപ്പെട്ട ദിവ്യത്വവും "പുത്രവത്ക്കരിക്കപ്പെട്ട" മനുഷ്യത്വവും ഉള്ള ഒരു അത്ഭുത ശിശുവായിരുന്നു. അത്തരം ഒരു അത്ഭുതശിശുവിന്റെ ജനനത്തിൽ അമ്മ വളരെ സന്തോഷവതി ആയിരുന്നിരിക്കണം.

## C. ക്രിസ്തു പുനരുത്ഥാനത്തിൽ വിശ്വാസികളുടെ അടുക്കലേക്ക് വരുന്നു

നാം കണ്ടതുപോലെ അമ്മ, 21-ാം വാക്യത്തിലെ സ്ത്രീ, ശിഷ്യന്മാരെ സൂചിപ്പിക്കുന്നു. പുനരുത്ഥാനത്തിൽ ഒരു ശിശുവായി പിറന്ന ശേഷം, തന്റെ പുനരുത്ഥാനദിവസം സായാഹ്നത്തിൽ ക്രിസ്തു തന്റെ

ശിഷ്യന്മാരുടെ അടുക്കലേക്ക് വരുകയും ശിഷ്യന്മാർ അവന്റെ സന്നിധിയിൽ സന്തോഷിക്കുകയും ചെയ്തു(20:20). തന്റെ നവജാതശിശുവിനെ കാണുമ്പോൾ, ഒരു അമ്മ സന്തോഷിക്കുന്നതുപോലെ പുനരുത്ഥാനദിവസം കർത്താവിനെ കണ്ടപ്പോൾ ശിഷ്യന്മാർ സന്തോഷിച്ചു. 16-ാം വാക്യത്തിൽ കർത്താവ് അവരോട്,“കുറഞ്ഞോന്ന് കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല; പിന്നെയും കുറഞ്ഞോന്ന് കഴിഞ്ഞ് നിങ്ങൾ എന്നെ കാണും”എന്നു പറഞ്ഞു. കർത്താവ് മരിക്കുകയും അടക്കപ്പെടുകയും അങ്ങനെ ശിഷ്യന്മാർ “കുറഞ്ഞോന്ന്” അവനെ കാണാതിരിക്കുകയും ചെയ്യും. എന്നാൽ “കുറഞ്ഞോന്ന്” കഴിഞ്ഞ് അവൻ ഉയിർത്തെഴുന്നേൽക്കയാൽ അവർ അവനെ കാണുകയും ചെയ്യും. പുനരുത്ഥാനം ചെയ്ത കർത്താവിനെ ലോകത്തിന് കാണുവാൻ കഴിയാത്തതുകൊണ്ട് ലോകത്തിന് കർത്താവിനെ കാണുവാൻ കഴിയുകയില്ല. ശിഷ്യന്മാർക്കു മാത്രമേ പുനരുത്ഥാനം ചെയ്ത കർത്താവിനെ, അത്ഭുതവാനായവനെ കാണുവാൻ കഴിയുകയുള്ളൂ. 16:22-ലെ കർത്താവിന്റെ പ്രവചനത്തിന്റെ നിറവേറലായിരുന്നു യോഹന്നാൻ 20:20. ശിഷ്യന്മാർ സന്തുഷ്ടരും ആഹ്ലാദപൂർണ്ണരും ആകുമെന്ന് കർത്താവ് പ്രവചിച്ചു; പുനരുത്ഥാനദിവസം അവനെ കണ്ടപ്പോൾ, ശിഷ്യന്മാർ വാസ്തവമായും സന്തോഷമുള്ളവരായി എന്ന് 20:20 കാണിക്കുന്നു.

## D. ശിഷ്യന്മാർ പുത്രനോട് ഒന്നായിരിക്കുകയും അവന്റെ നാമത്തിൽ പ്രാർത്ഥിക്കുകയും ചെയ്യുന്നു

23-ഉം 24-ഉം വാക്യങ്ങളിൽ കർത്താവ് പറഞ്ഞു,“അന്നു നിങ്ങൾ എന്നോട് ഒന്നും ചോദിക്കുകയില്ല. സത്യമായി, സത്യമായി ഞാൻ നിങ്ങളോട് പറയുന്നു; നിങ്ങൾ പിതാവിനോട് അപേക്ഷിക്കുന്നതൊക്കെയും അവൻ എന്റെ നാമത്തിൽ നിങ്ങൾക്കു തരും, ഇതുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും അപേക്ഷിച്ചിട്ടില്ല; അപേക്ഷിക്കുവിൻ; നിങ്ങൾക്കു ലഭിക്കും. അങ്ങനെ നിങ്ങളുടെ സന്തോഷം പൂർണ്ണമായിത്തീരും.”വിശ്വാസികൾ പുത്രനോട് ഒന്നായിരിക്കുന്നതും അവന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നതും നാം ഇവിടെ കാണുന്നു. പുനരുത്ഥാനത്തിലൂടെ അവൻ ദൈവപുത്രനായി ജനിക്കുകയും ജീവൻ നൽകുന്ന ആത്മാവായിത്തീരുകയും ചെയ്തു (1 കൊരി.15:45). ഇപ്പോൾ വിശ്വാസികളായ നമുക്ക്, ആത്മാവിലും ആത്മാവിനാലും ആത്മാവോടുകൂടെയും അവനോട് ഒന്നായിരിക്കുവാൻ കഴിയും. “എന്റെ നാമത്തിൽ” പ്രാർത്ഥിക്കുക എന്നാൽ“എന്നിൽ”പ്രാർത്ഥിക്കുക എന്നേ ഉള്ളൂ. അവന്റെ നാമത്തിൽ ആകുക എന്നാൽ അവനുമായി ഒന്നായിരിക്കുക എന്നാണ്. നാം കർത്താവുമായി ഒന്നായിരിക്കുമ്പോൾ, നാം സ്വയമായല്ല കർത്താവിനാലാണ് പ്രാർത്ഥിക്കുന്നത്. കർത്താവുമായി ഒന്നായിരുന്നുകൊണ്ട് നാം ഉച്ചരിക്കുന്ന പ്രാർത്ഥനയ്ക്ക് തീർച്ചയായും

മറുപടി ലഭിക്കും. നാം പ്രാർത്ഥിക്കുമ്പോൾ നമ്മുടെ പ്രാർത്ഥനയിൽ അവനും പ്രാർത്ഥിക്കുന്നു. എന്നാൽ, ഞാൻ നിങ്ങളോട് ഒന്നല്ലാതിരിക്കുകയും, അതേസമയം നിങ്ങളുടെ നാമത്തിൽ കാര്യങ്ങൾ ചെയ്യുകയും ആണെങ്കിൽ അത് ശരിയല്ല. എന്നാൽ സത്യമായും നിങ്ങളോട് ഞാൻ ഒന്നാണെങ്കിൽ, എനിക്ക് നിങ്ങളുടെ നാമത്തിൽ കാര്യങ്ങൾ ചെയ്യുവാനും അവകാശപ്പെടുവാനും കഴിയും. അതുപോലെ, വിശ്വാസികൾ അവനുമായി ഒന്നായിരിക്കുന്നതുകൊണ്ട് അവർക്ക് പുത്രന്റെ നാമത്തിൽ കാര്യങ്ങൾ ചെയ്യുവാനും അവകാശപ്പെടുവാനും കഴിയും.

20:22-23 ഇത് സ്ഥിരീകരിക്കുന്നു."ഇതു പറഞ്ഞുകൊണ്ട് അവൻ അവരിലേക്ക് ഊതിയിട്ട് അവരോട് പറഞ്ഞു, പരിശുദ്ധാത്മാവിനെ സ്വീകരിക്കുക. ആരുടെയെങ്കിലും പാപം നിങ്ങൾ മോചിക്കുന്നുവോ, അവർക്ക് അവ മോചിക്കപ്പെട്ടിരിക്കും, ആരുടെയെങ്കിലും പാപം നിങ്ങൾ നിലനിർത്തുന്നുവോ അവർക്ക് അവ നിലനിൽക്കും." ഇതിനർത്ഥം, നമുക്ക് പരിശുദ്ധാത്മാവിനെ ലഭിച്ചതിനാലും നാം കർത്താവുമായി ഒന്നായിരിക്കയാലും, കർത്താവ് നമ്മോട് ഒന്നായിരിക്കയാലും, ആരുടെയെല്ലാം പാപങ്ങൾ നാം മോചിക്കുന്നുവോ കർത്താവും അവ മോചിക്കുകയും, ആരുടെയെല്ലാം പാപങ്ങൾ നാം നിലനിർത്തുന്നുവോ കർത്താവും അവ നിലനിർത്തുകയും ചെയ്യും എന്നാണ്. ആത്മാവിൽ കർത്താവിനോട് ഒന്നായിരിക്കുന്നതുകൊണ്ട് നാം അഴിക്കുന്നത് കർത്താവ് അഴിക്കുകയും, നാം കെട്ടുന്നത് കർത്താവ് കെട്ടുകയും ചെയ്യും. എന്നാൽ, "ഞാൻ കെട്ടുന്നു"എന്നു പറയുമ്പോൾ നിങ്ങൾ ആത്മാവിലാണ് എന്ന് ഉറപ്പായിരിക്കണം, കാരണം നിങ്ങൾ ആത്മാവിൽ അല്ലെങ്കിൽ അത് ഫലിക്കുകയില്ല. നമുക്ക് കർത്താവുമായി ഒന്നായിരിക്കുന്നതിന് നാം ആത്മാവിൽ ആയിരിക്കണം. അപ്പോൾ നാം കെട്ടുന്നത്, കർത്താവ് കെട്ടും; നാം അഴിക്കുന്നത്, കർത്താവ് അഴിക്കും; നാം ചോദിക്കുന്നത് കർത്താവിന്റെ നാമത്തിൽ പിതാവ് നമുക്ക് തരുകയും ചെയ്യും.

Thu

## IV. ഉപദ്രവങ്ങൾ ഉണ്ടെങ്കിലും പുത്രനിൽ സമാധാനം

### A. പുത്രൻ പിതാവിന്റെ അടുക്കൽനിന്ന് വന്നിരിക്കുന്നു

ആ സമയത്ത്, താൻ പിതാവായ ദൈവത്തിന്റെ അടുക്കൽനിന്നു വന്നിരിക്കുന്നു എന്ന് കർത്താവ് ശിഷ്യന്മാർക്ക് വ്യക്തമാക്കിക്കൊടുക്കുകയും അവർ അത് വിശ്വസിക്കുകയും ചെയ്തു(വാ.27-28,30). പിതാവായ ദൈവമായിരുന്നു അവന്റെ സ്രോതസ്സ്. മനുഷ്യനോട് ദൈവത്തെ പ്രസ്താവിക്കുവാനും വെളിപ്പെടുത്തുവാനും, അങ്ങനെ മനുഷ്യൻ

പിതാവിനെ അറിഞ്ഞ് ആ സ്രോതസ്സിലേക്ക് കടക്കുവാനും, അവൻ ആ സ്രോതസ്സിൽ നിന്ന് ലോകത്തിലേക്ക് വന്നു.

## B. പുത്രൻ പിതാവിന്റെ അടുക്കലേക്ക് മടങ്ങിപ്പോകുന്നു

ഭൂമിയിലെ തന്റെ നിയോഗം പൂർത്തിയാക്കിയശേഷം തനിക്ക്, മനുഷ്യനെ പിതാവിങ്കലേക്ക് കൊണ്ടുവരുവാനുള്ള വഴിയും നിലപാടും ഒരുക്കുവാൻ താൻ വന്ന സ്രോതസ്സായ പിതാവിങ്കലേക്ക്, മരണപുനരുത്ഥാനങ്ങളിലൂടെ കർത്താവ് മടങ്ങിപ്പോയി(വാ.28).

## C. പുത്രൻ വിശ്വാസികൾക്ക് പിതാവിനെ വെളിപ്പെടുത്തുന്നു

ആ സമയത്ത്, തന്റെ ശിഷ്യന്മാരോട് പിതാവിനെ വെളിപ്പെടുത്തുമെന്ന് കർത്താവ് വാഗ്ദാനം ചെയ്തു(വാ.25). തന്റെ പുനരുത്ഥാനത്തിനുശേഷം അവൻ ശിഷ്യന്മാരുടെ അടുക്കലേക്ക് മടങ്ങിവരുകയും പിതാവിന്റെ ജീവനും പ്രകൃതവും അവർക്ക് അറിയിച്ചുകൊടുത്തുകൊണ്ട് തന്റെ സഹോദരന്മാരോട് പിതാവിന്റെ നാമം വെളിപ്പെടുത്തുകയും(എബ്രാ.2:12) ചെയ്ത സമയത്ത് അത് നിറവേറി. പുനരുത്ഥാനത്തിൽ, ദൈവത്തിന്റെ ആദ്യജാതനായ പുത്രൻ എന്ന നിലയിൽ കർത്താവ്, ദൈവത്തിന്റെ അനേക പുത്രന്മാരായ അവന്റെ സഹോദരന്മാരായ, നമ്മെ ജീവന്റെ മാർഗ്ഗത്തിൽ, അവന്റെ ദിവ്യപ്രകൃതത്തിന് പങ്കാളികളാക്കുന്ന മാർഗ്ഗത്തിൽ(2 പത്രൊ.1:3-4) പിതാവിനെ അറിയുമാറാക്കുന്നു.

## D. വിശ്വാസികൾ പുത്രനുമായി ഒന്നായിരുന്ന് അവന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നു

പുനരുത്ഥാനത്തിലൂടെ കർത്താവ് ശിഷ്യന്മാരെ അവനുമായി ഒന്നാക്കിത്തീർത്തു. ആ സമയം മുതൽ അവർക്ക് അവന്റെ നാമത്തിൽ പ്രാർത്ഥിക്കുവാൻ കഴിയുന്നു(വാ.26). അവർ അവനുമായി ഏകീഭവിച്ചിരിക്കുന്നതുകൊണ്ട്, അവൻ ഇനി അവർക്കുവേണ്ടി പ്രാർത്ഥിക്കുകയല്ല, പിന്നയോ അവരുടെ പ്രാർത്ഥനയിൽ അവരോടൊത്ത് പ്രാർത്ഥിക്കുന്നു. അവർ ഇനി പുത്രനിലൂടെ പിതാവിനോട് പരോക്ഷമായി പ്രാർത്ഥിക്കുന്നില്ല; അവർ അവനോട് ഒന്നായിരിക്കുന്നതുകൊണ്ട് പുത്രനിൽ പിതാവിനോട് നേരിട്ട് പ്രാർത്ഥിക്കുന്നു.

## E. പുത്രന്റെ കഷ്ടാനുഭവ സമയത്ത് വിശ്വാസികൾ ചിതറിപ്പോയി

പുത്രന്റെ കഷ്ടാനുഭവ സമയത്ത്, അവനെ ഏകനായി വിട്ടിട്ട് ശിഷ്യന്മാർ ചിതറിപ്പോയി(വാ.32). എന്നാൽ പിതാവ് അവനോടൊപ്പം ഉണ്ടായിരുന്നതുകൊണ്ട് അവൻ ഏകനായിരുന്നില്ല. പുത്രന്റെ കഷ്ടാനുഭവസമയത്തുപോലും, പിതാവ് അവനോടൊപ്പം ഉണ്ടായിരുന്നു. ശിഷ്യന്മാർ അവനെ വിട്ടുപോയി, എന്നാൽ പിതാവ് വിട്ടുപോയില്ല.

## F. വിശ്വാസികൾക്ക് ജയിക്കുന്നവനായ പുത്രനിൽ സമാധാനം ഉണ്ട്

നമുക്ക് കർത്താവിൽ സമാധാനമുണ്ട് (വാ.33). കർത്താവ് മരിക്കുകയും പുനരുത്ഥാനം ചെയ്യുകയും ചെയ്തുവെങ്കിലും, നാം സമാധാനമില്ലാത്ത ലോകത്തിൽ തുടരുന്നു. ഈ ലോകത്തിൽ നമുക്ക് പ്രശ്നം മാത്രമേ ഉള്ളൂ. എന്നാൽ കർത്താവുതന്നെ നമ്മുടെ സമാധാനമായിരിക്കുവാനും നമുക്ക് അവനിൽ സമാധാനം ലഭിക്കുവാനും കഴിയും. ഈ ലോകം നമ്മെ എത്രമാത്രം ഉപദ്രവിച്ചാലും പീഡിപ്പിച്ചാലും, കർത്താവ് ലോകത്തെ ജയിച്ചിരിക്കുന്നു. നാം വിഷമിക്കേണ്ട ആവശ്യമില്ല; ലോകത്തെ ഭയക്കേണ്ട ആവശ്യവുമില്ല. ലോകം നമ്മെ പീഡിപ്പിക്കുകയും നമ്മെ ഉപദ്രവിക്കുകയും ചെയ്യട്ടെ. കർത്താവ് നമ്മുടെ സമാധാനമാണ്. അവൻ ലോകത്തെ ജയിച്ചിരിക്കുന്നു.

യോഹന്നാൻ 14 മുതൽ 16 വരെയുള്ള അദ്ധ്യായങ്ങളിൽ വെളിപ്പെട്ടിരിക്കുന്നത് എന്താണെന്ന് നാം പുനരവലോകനം ചെയ്യണം. പതിനാലാം അദ്ധ്യായം പരസ്പരനിവാസത്തെ സംബന്ധിച്ചും, പതിനഞ്ചാം അദ്ധ്യായം ജൈവരൂപത്തെ സംബന്ധിച്ചും, പതിനാറാം അദ്ധ്യായം പതിനാലും പതിനഞ്ചും അദ്ധ്യായങ്ങൾക്കുള്ള അനുബന്ധവും ആണ്. ഈ അനുബന്ധ അദ്ധ്യായത്തിൽ ദിവ്യത്വം മനുഷ്യത്വവുമായി ഇഴുകിച്ചേരുന്നു എന്ന ആത്മാവിന്റെ വേല ഉണ്ട്. ഇതിന്റെ അർത്ഥം ആത്മാവിന്റെ വേല, ദിവ്യത്വത്തിന്റെ മനുഷ്യത്വവുമായുള്ള ഇഴുകിച്ചേരലിൽ പരിണമിക്കുന്നു എന്നാണ്. ഈ ഇഴുകിച്ചേരൽ പതിനാലാം അദ്ധ്യായത്തിൽ നാം നേരത്തെ കണ്ടുകഴിഞ്ഞു. അവിടെ ഇഴുകിച്ചേരൽ ഒടുവിൽ പരസ്പരനിവാസമായിത്തീരുന്നു. പിതാവിനെ ആവിഷ്കരിക്കുവാൻ ദിവ്യജീവനിൽ ക്രിസ്തു വളരുന്ന, ജൈവരൂപമാണ്, ക്രിസ്തുവിന്റെ ശരീരമാണ്, ഈ പരസ്പരനിവാസം. പതിനഞ്ചാം അദ്ധ്യായത്തിൽ വെളിപ്പെട്ടിരിക്കുന്ന ജൈവരൂപം ഇതാണ്. ദിവ്യത്വം മനുഷ്യത്വവുമായി ഇഴുകിച്ചേരുന്നത് എങ്ങനെയാണെന്ന് പതിനാറാം അദ്ധ്യായം നമ്മോട് പറയുന്നു. ഇത് സംഭവിക്കുന്നത് പരിശുദ്ധാത്മാവിന്റെ വേലയാലാണ്. ഒന്നാമത്, പാപികൾ ക്രിസ്തുവിൽ വിശ്വസിക്കുവാനും ആദാമിൽനിന്ന് ക്രിസ്തുവിലേക്ക് മാറ്റപ്പെടുവാനും അവർക്ക് പാപബോധം വരുത്തുന്നതാണ് ആത്മാവിന്റെ ഈ വേല. രണ്ടാമത്തേത്, ഈ മാറ്റപ്പെട്ട വിശ്വാസികൾക്ക്, ത്രിയേകദൈവത്തെ ആവിഷ്കരിക്കുവാനും, പിതാവിനോടൊപ്പം പുത്രനെ മഹത്വപ്പെടുത്തുവാനും, ദൈവത്വത്തിന്റെ സകല സമ്പൂർണ്ണതയോടുംകൂടെ അവർക്ക് ആത്മീയ വർദ്ധനവ് വരുത്തുവാനും അവരെ കെട്ടുപണി ചെയ്യുവാനും കഴിയത്തക്കവണ്ണം പിതാ

വിന്റെ പൂർണ്ണതയോടുകൂടെ ക്രിസ്തുവിനെ വെളിപ്പെടുത്തുക എന്ന താണ്. ഈ കാര്യങ്ങൾ ദയവായി ഓർത്തിരിക്കുക: പതിനാലാം അദ്ധ്യായം പരസ്പരനിവാസത്തെ സംബന്ധിച്ചതാണ്; പതിനഞ്ചാം അദ്ധ്യായം ജൈവരൂപത്തെ സംബന്ധിച്ചതാണ്; പതിനാറാം അദ്ധ്യായം സഭ, പിതാവിനോടൊപ്പം പുത്രനെ മഹത്വപ്പെടുത്തുവാൻ, ലോകത്തിന് പാപബോധം വരുത്തുകയും ദൈവത്വത്തിന്റെ സമ്പൂർണ്ണ തയോടുകൂടെ വിശുദ്ധർക്ക് ആത്മീയവർദ്ധനവ് നല്കുകയും ചെയ്യുന്ന ആത്മാവിന്റെ വേലയെ സംബന്ധിച്ചതാണ്.

ജൈവരൂപത്തിന്റെ കാര്യത്തെ സംബന്ധിച്ച് ഒരു ചെറിയ വാക്ക് എനിക്ക് കൂട്ടിച്ചേർക്കേണ്ടതുണ്ട്. ഒരു മനുഷ്യസമൂഹവും ഒരു ജൈവ രൂപമല്ല. അവ എല്ലാം സംഘടനകളാണ്. ശരിയായതും വാസ്തവമാ യതുമായ സഭ മാത്രമാണ് ജൈവരൂപം. സാമൂഹ്യ സംഘടനകളിൽ ഒന്നും ജീവൻ ഇല്ല, കാരണം അവയിൽ ജൈവികമായി യാതൊന്നു മില്ല. എന്നാൽ, സഭ ദിവ്യജീവൻ ഉൾക്കൊള്ളുന്നതും ജൈവികവുമാ ണ്. ത്രിയേകദൈവത്തിന്റെ ജൈവരൂപമാണ് മുന്തിരിച്ചെടിയെന്ന് പതി നഞ്ചാം അദ്ധ്യായത്തിൽ നാം കണ്ടു. ത്രിയേകദൈവം, തന്നെത്തന്നെ ഈ ജൈവരൂപത്തിലേക്കു പണിതുചേർക്കുകയും ഇപ്പോൾ അതി ന്റെയുള്ളിൽ വളരുകയും ചെയ്യുന്നു. ത്രിയേകദൈവത്തിന്റെ ജീവനും പ്രകൃതവും പൊരുളും സാരാംശവും സകലസമ്പൂർണ്ണതയും മുന്തിരി ച്ചെടിയോട് പണിതുചേർത്തിരിക്കുന്നു. അതുകൊണ്ട്, മുന്തിരിവള്ളി ജീവനില്ലാത്ത ഒരു സംഘടനയല്ല; അത് ജീവൻ നിറഞ്ഞതും വളരു കയും പ്രവർത്തിക്കുകയും പിതാവിനെ ആവിഷ്കരിക്കുകയും അവന്റെ നിർണ്ണയം നിറവേറ്റുകയും അവന്റെ വ്യവസ്ഥ നിർവ്വഹിക്കുകയും ചെയ്യുന്ന ഒരു ജൈവരൂപമാണ്. പ്രപഞ്ചത്തിൽ ഇത്തരം ജീവിക്കുന്ന ഒരു ജൈവരൂപം ഉള്ളതുകൊണ്ട് കർത്താവിന് സ്തോത്രം! പിതാവ് ഈ ജൈവരൂപത്തിന്റെ സ്രോതസ്സും പൊരുളും സാരാംശവും പ്രകൃ തവും ജീവനുമാണ്; പുത്രൻ ഈ ജൈവരൂപത്തിന്റെ ദേഹരൂപവും ആവിഷ്കാരവും ആണ്; ആത്മാവ് ഈ ജൈവരൂപത്തിന്റെ യാഥാർത്ഥ്യവും യഥാർത്ഥവത്ക്കരണവും ആണ്. സഭ ഇന്ന് ഈ ജൈവരൂപത്തിന്റെ ശരീരമാണ്. പുത്രൻ, ശരീരത്തിന്റെ തലയും, ദിവ്യ ജീവനോടുകൂടെ വളരുകയും ദൈവത്തിന്റെ അനാദി നിർണയം നിറ വേറ്റുവാൻ ദിവ്യഐശ്വര്യങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുന്ന ചെടി യുടെ വേരും ആണ്. ദിവ്യവ്യവസ്ഥ നിറവേറ്റുന്ന ജൈവരൂപം ഇതാ ണ്. ഈ ദിവ്യമർമ്മത്തിനായി ഹാലേലുയ്യാ!